# പോലീസിനു നൽകിയ അധികാരങ്ങൾ പുനഃ പരിശോധിക്കണം



**ജാവേദ് ആനന്ദ്**
**(മുംബൈയിലെ മനുഷ്യാവകാശ പ്രവർത്തകൻ)**

**2008** നവംബർ 26ന് മുമ്പ് കോൺഗ്രസ് പറഞ്ഞുകൊണ്ടിരുന്നത്, ഭീകരപ്രവർത്തനം തടയാൻ നിലവിലുള്ള നിയമങ്ങൾ തന്നെ മതി എന്നായിരുന്നു. പക്ഷേ, മുംബൈ ആക്രമണത്തിനു ശേഷം കോൺഗ്രസ് നിലപാടിൽ മാറ്റം വന്നു.

ടാഡയും പോട്ടയും ദുരുപയോഗം ചെയ്യപ്പെട്ടതായി നമുക്ക് അറിയാം. ഇത്തരം നിയമങ്ങൾ പോലീസിന്റെ കൈയിൽ ഏൽപിക്കുന്നത് അപകടകരമാണ്. രഹസ്യാന്വേഷണ ഏജൻസികളുടെ കാര്യക്ഷമതയെയും അത് ബാധിക്കും. പിടിക്കപ്പെട്ടവരെ അന്വേഷണം കൂടാതെ കുറ്റവാളികളായി അവതരിപ്പിക്കാൻ പഴുതുകളുണ്ട് ഇത്തരം നിയമങ്ങളിൽ. പാർലമെന്റിൽ മതിയായ ചർച്ച കൂടാതെയാണ് പുതിയ നിയമം പാസ്സാക്കിയെടുത്തത്. അതിന് കാരണം മുഖ്യപ്രതിപക്ഷം ഇതിന് അനുകൂലമായിരുന്നു എന്നതാണ്. മറ്റു കക്ഷികളാവട്ടെ, അവസരത്തിനൊത്ത് ഉയർന്ന് ഇതിനെ എതിർക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

ടാഡ ഉപയോഗിച്ച് ചിലരെ പിടിക്കും. കുറെ കഴിഞ്ഞ് പറയും, അവർക്കെതിരെ തെളിവൊന്നുമില്ല. അവരെ വിട്ടയക്കും. ഇത്രകാലം പിടിച്ചു വെച്ചതിനോ പീഡിപ്പിച്ചതിനോ പോലീസിനെതിരെ നടപടിയൊന്നുമില്ല. ഇതാണ് സംഭവിച്ചുകൊണ്ടിരുന്നത്. ഏത് കടുത്ത നിയമവും പോലീസിന്റെ കൈയിൽ ഏൽപിക്കുന്ന മാരകായുധമാണ്. ഇതിനെതിരെ മനുഷ്യാവകാശ സംഘടനകൾ നിരന്തരം ശബ്ദമുയർത്തുന്നുണ്ടെങ്കിലും അത് പരിഗണിക്കപ്പെടാറില്ല.

രഹസ്യാന്വേഷണ ഏജൻസികളുടെ പരാജയം എന്തുകൊണ്ടാണ് ചർച്ചയാവാത്തത്? സമുദ്രം വഴി എത്രയധികം ആയുധങ്ങളും വെടിക്കോപ്പുകളുമാണ് കടത്തിക്കൊണ്ട് വന്നത്? പക്ഷേ, ഇതിനെക്കുറിച്ച് യാതൊരു വിവരവും നമ്മുടെ രഹസ്യാന്വേഷണ ഏജൻസികൾക്ക് കിട്ടുകയുണ്ടായില്ല. ഈ ഏജൻസികളുടെ ദൗർബല്യങ്ങൾ പരിഹരിക്കുകയും അവയെ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കാൻ സജ്ജമാക്കുകയുമാണ് ആദ്യം വേണ്ടത്.

ഏത് ഭീകരാക്രമണത്തിന്റെയും ഇരകളായിത്തീരുന്നത് മുസ്‌ലിംകളാണ്. അന്വേഷണ ഏജൻസികൾ അവർക്ക് പിന്നാലെയാണ്. ദയൂബന്ദ് ദാറുൽ ഉലൂം പോലുള്ള സ്ഥാപനങ്ങൾ വലിയ സമ്മേളനങ്ങൾ വിളിച്ചു ചേർത്ത് ഭീകരതക്കെതിരെ തങ്ങളുടെ നിലപാട് വ്യക്തമാക്കിയതാണ്. മീഡിയ നല്ല കവറേജും ഇതിന് നൽകി. ഈ നിലപാടിനെ പിന്തുണക്കാനും ശക്തിപ്പെടുത്താനും ഹിന്ദുസമൂഹവും രംഗത്ത് വരണം.

ഭീകരപ്രവർത്തനം തടയാൻ ചില നിർദേശങ്ങൾ: പോലീസിന് നൽകിയ പരിധികളില്ലാത്ത അധികാരങ്ങളെക്കുറിച്ച് പുനഃപരിശോധന നടത്തണം. ആ അധികാരങ്ങൾ ദുരുപയോഗം ചെയ്യില്ലെന്ന് ഉറപ്പ് വരുത്തണം. നിരപരാധികൾ പീഡിപ്പിക്കപ്പെടരുത്. യഥാർഥ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും കഴിയണം. എങ്കിൽ ഭീകരപ്രവർത്തനത്തിന് തടയിടാനാവും. അന്വേഷണ ഏജൻസികളിൽ പൊതുസമൂഹത്തിന് വിശ്വാസ്യത ഉണ്ടാവാനും ഇതു മുഖേന മാത്രമേ കഴിയൂ. ■